**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1905** | **13-02-2025 - ൽ മറുപടിയ്ക്ക്**

**കെ-റെയിൽ പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കെ-റെയിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഈ പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സിൽവർ ലൈൻ പദ്ധതിക്ക് നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനു തത്വത്തിലുള്ള അംഗീകാരം കേന്ദ്ര റെയിൽ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിരുന്നു. തുടർന്ന് സിൽവർലൈൻ പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ പൂർത്തീകരിക്കുകയും 17.06.2020 ന് റെയിൽവേ മന്ത്രാലയത്തിനു സമർപ്പിക്കുകയും ചെയ്തു. ഡി.പി.ആർ അവലോകനത്തിന്റെ ഭാഗമായി റെയിൽവേ മന്ത്രാലയം ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് സ്പഷ്ടീകരണം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സിൽവർലൈൻ പദ്ധതിയുടെ കേന്ദ്രാനുമതിയുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി തലത്തിലൂൾപ്പെടെ ഉന്നതതല യോഗങ്ങളും കത്തിടപാടുകളും റെയിൽവേയുമായി നടത്തിവരുന്നുണ്ട്. റെയിൽവേയിൽ നിന്നും അന്തിമാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ തുടർ നടപടിക്രമങ്ങളുമായി മുന്നോട്ട് പോകുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനായി സംസ്ഥാന സർക്കാരും റെയിൽവേ മന്ത്രാലയവും തമ്മിൽ നിരവധി കത്തിടപാടുകളും ചർച്ചകളും നടത്തി വന്നിരുന്നു. ബഹു. മുഖ്യമന്ത്രി 24.03.2022, 27.12.2022 & 25.03.2023 തീയതികളിൽ ബഹു. പ്രധാനമന്ത്രിയെ കാണുകയും സിൽവർലൈനിനെക്കുറിച്ച് ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു. 2024 ജൂണിൽ സംസ്ഥാന ധനമന്ത്രിമാരുമായി ബഹുമാനപ്പെട്ട കേന്ദ്ര ധനമന്ത്രി നടത്തിയ പ്രീ-യൂണിയൻ ബജറ്റ് യോഗത്തിൽ, പദ്ധതിയുടെ ആവശ്യകതയെക്കുറിച്ചും പദ്ധതിക്ക് ആവശ്യമായ അനുമതി എത്രയും വേഗം നൽകണമെന്നും കേരള ധനമന്ത്രി അഭ്യർഥിച്ചിരുന്നു. 22.06.2024 ന് ഇതുമായി ബന്ധപ്പെട്ട് ഒരു കത്തും |

| | | | |
|---|---|---|---|
| | | | അയച്ചിട്ടുണ്ട്. തുടർന്ന് സിൽവർലൈൻ പദ്ധതി ഉൾപ്പെടെ കേരളത്തിലെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങളെക്കുറിച്ച് 16.10.2024 ന് ബഹു. മുഖ്യമന്ത്രിയും സംസ്ഥാനത്തെ റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിയുമായി വിശദമായ ചർച്ച നടത്തുകയും ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ അവലോകനം ചെയ്യുകയും ചെയ്തു. |
| (സി) | ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതെന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് എത്ര കാലയളവിനുള്ളിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുമെന്നും വിശദമാക്കാമോ? | (സി) | കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റേയും സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡാണ് സിൽവർ ലൈൻ പദ്ധതിയുടെ നിർവ്വഹണ ഏജൻസി. ഡി.പി.ആർ പ്രകാരം പദ്ധതിക്കുവേണ്ട എല്ലാ അനുമതിയും ലഭ്യമായി കഴിഞ്ഞ് 5 വർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ